SCOLE KERALA
STATE COUNCIL FOR OPEN & LIFELONG EDUCATION - KERALA

STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
Phone: 0471 2348581, 2342950, 2342271, 2342369 Fax: 0471 2344841, email : ksos8581@gmail.com

# ഡി.സി.എ കോഴ്സ് (നാലാം ബാച്ച്) 2018 പുന:പ്രവേശനം മാർഗ്ഗനിർദ്ദേശങ്ങൾ

സ്കോൾ-കേരള വഴിയുള്ള ഡി.സി.എ കോഴ്സിൽ രജിസ്റ്റർ ചെയ്ത ശേഷം ഏതെങ്കിലും കാരണവശാൽ കോഴ്സ് പൂർത്തിയാക്കാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി നാലാം ബാച്ചിൽ പുന:പ്രവേശനം അനുവദിക്കുന്നതാണ്.

**നിബന്ധനകൾ**

1 ഡി.സി.എ കോഴ്സിന്റെ ഒരു ബാച്ചിൽ ചേർന്ന ശേഷം ആ ബാച്ചിന്റെ സമ്പർക്ക ക്ലാസ്സുകളിൽ പങ്കെടുക്കാത്തവർക്ക് അടുത്ത ബാച്ചിലോ, മൂന്നു വർഷത്തിനുള്ളിലെ തുടർ ബാച്ചുകളിലോ സമ്പർക്കക്ലാസ്സുകളിൽ പങ്കെടുക്കുന്നതിന് മാത്രമാണ് പുന:പ്രവേശനം അനുവദിക്കുന്നത്. ഇതിന് സമ്പർക്ക ക്ലാസ്സിൽ പങ്കെടുത്തിട്ടില്ല എന്നുള്ള ബന്ധപ്പെട്ട പഠനകേന്ദ്ര പ്രിൻസിപ്പാളിന്റെ സാക്ഷ്യപത്രം സഹിതമാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

2 ഡി.സി.എ പുന:പ്രവേശനത്തിന് ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് www.scolekerala.org എന്ന വെബ് സൈറ്റിൽ നിന്നും പുന:പ്രവേശനത്തിനുള്ള അപേക്ഷ ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്.

3 സ്കോൾ-കേരള വെബ് സൈറ്റിലെ പ്രത്യേക ലിങ്കിൽ നിന്നും ജനറേറ്റ് ചെയ്തെടുത്ത ബാർകോഡ് രേഖപ്പെടുത്തിയ ചെലാനിൽ **പുന:പ്രവേശന ഫീസായ 500/- രൂപ** ഏതെങ്കിലും ഒരു പോസ്റ്റ് ഓഫീസ് മുഖേന ഒടുക്കേണ്ടതാണ്.

4 വിദ്യാർത്ഥികൾ പുന:പ്രവേശന അപേക്ഷയോടൊപ്പം എസ്.എസ്.എൽ.സി/തത്തുല്യ യോഗ്യത സർട്ടിഫിക്കറ്റിന്റെ പകർപ്പ്, നിശ്ചിത ഫീസ് ഒടുക്കിയ ചെലാന്റെ അസൽ എന്നിവ സഹിതം മുൻ പഠനകേന്ദ്രം പ്രിൻസിപ്പാളിന് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

5 പുന:പ്രവേശ ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി **23.08.2018**

6 ആദ്യം ചേർന്ന തീയതി മുതൽ ഡി.സി.എ കോഴ്സിന്റെ സമ്പർക്ക ക്ലാസ്സുകളിൽ നിർദ്ദിഷ്ട മണിക്കൂർ (240) പങ്കെടുത്ത വിദ്യാർത്ഥികൾക്ക് പരീക്ഷ എഴുതാൻ പരമാവധി 3 വർഷം സമയം അനുവദിക്കുന്നതാണ്.

7 കോഴ്സ് ഫീസ് പൂർണ്ണമായും ഒടുക്കാത്തവർക്ക് ബാക്കി തുക ഒടുക്കി പുന:പ്രവേശനത്തിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. കോഴ്സ് ഫീസ് പൂർണ്ണമായും ഒടുക്കാത്തവർക്ക് പുന:പ്രവേശനം അനുവദിക്കുന്നതല്ല.

**ഒപ്പ്**
**എക്സിക്യൂട്ടീവ് ഡയറക്ടർ**

C1/E/SCOLE/DCA/LettersMal/252